## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 870** | **06.06.2018-ൽ മറുപടിയ്ക്ക്**

### സാമൂഹ്യ പഠനമുറി പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ.കെ. ആൻസലൻ<br>ശ്രീമതി.വീണാ ജോർജ്ജ് | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| ചോദ്യം | | മറുപടി | |
| എ) | പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | എ) | പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടു വരുന്നതിന്, വിദ്യാഭ്യാസ ഉന്നമനത്തിനായി സ്കോളർഷിപ്പുകൾ, ഗ്രാന്റുകൾ എന്നിവ പട്ടികവർഗ്ഗ വികസന വകുപ്പ് നൽകി വരുന്നു. വകുപ്പിന് കീഴിൽ 106 പ്രീമെട്രിക് ഹോസ്റ്റലുകൾ, 3 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, 2 ഐ.റ്റി.ഐകൾ, സാങ്കേതിക തൊഴിലുകളിൽ പരിശീലനം നൽകുന്നതിന് 10 മാതൃക പരിശീലന കേന്ദ്രങ്ങൾ, പ്രീപ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയും പ്രവർത്തിക്കുന്നു. മോഡൽ റസിഡൻഷ്യൽ സ്കൂളിലെ കുട്ടികളുടെ വ്യക്തിത്വ വികസനത്തിനായും വിദ്യാഭ്യാസ ഉന്നമനത്തിനായും പ്രത്യേക പദ്ധതികളും വകുപ്പ് നടപ്പിലാക്കി വരുന്നു.<br><br>സംസ്ഥാനത്തിന് പുറത്തുള്ള വിവിധ സർക്കാർ അംഗീകൃത പോസ്റ്റ്മെട്രിക് സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സുകൾക്ക് പഠിക്കുന്നതും, കുടുംബ വാർഷിക വരുമാനം രണ്ടരലക്ഷം രൂപയിൽ താഴെയുള്ളതുമായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കേന്ദ്രസർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ച് വിദ്യാഭ്യാസ ആനുകൂല്യം അനുവദിച്ചു നൽകുന്നു. കൂടാതെ നാഷണൽ എൻട്രൻസ് ടെസ്റ്റ് വഴി സംസ്ഥാനത്തിന് പുറത്ത് മികച്ച സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസ ആനുകൂല്യം അനുവദിച്ച് നൽകുന്നു. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിന് വിദ്യാഭ്യാസ ധനസഹായം നൽകുന്നു.<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷാ പരിശീലനം, സൈനിക സ്കൂൾ, നവോദയാ സ്കൂൾ പ്രവേശന പരീക്ഷാ പരിശീലനം എന്നിവ വകുപ്പ് മുഖേന നൽകി വരുന്നു.<br><br>പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി ഊരുകളിൽ ട്യൂഷൻ നൽകുന്നതിനായി 100 സാമൂഹ്യ പഠന മുറികൾ നടപ്പിലാക്കുന്നു.<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട റ്റി.റ്റി.സി/ബി.എഡ് പാസ്സായ യുവതീ യുവാക്കളെ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന ഗോത്രബന്ധു പദ്ധതി നടപ്പിലാക്കിവരുന്നു.<br><br>വിദൂര കോളനികളിൽ നിന്നും കുട്ടികളെ വാഹനത്തിൽ സ്കൂളുകളിൽ എത്തിക്കുന്നതിന് ഗോത്രസാരഥി പദ്ധതി നടപ്പിലാക്കുന്നു.<br><br>പട്ടികവർഗ്ഗക്കാർക്കിടയിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനായി സാക്ഷരതാ മിഷൻ മുഖേന പട്ടികവർഗ്ഗ കോളനികളിൽ സമഗ്ര ആദിവാസി സാക്ഷരത പദ്ധതി നടപ്പിലാക്കി വരുന്നു. |
| ബി) | ഇതിന്റെ ഭാഗമായി പട്ടികവർഗ്ഗ കോളനികളിൽ നടപ്പാക്കി വരുന്ന സാമൂഹ്യ പഠനമുറി പദ്ധതി പ്രകാരം എന്തെല്ലാം പഠന സൗകര്യങ്ങളാണ് പഠിതാക്കൾക്കായി ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ബി) | ഒരു പഠന കേന്ദ്രത്തിൽ 30 പട്ടികവർഗ്ഗ പഠിതാക്കൾക്ക് പഠന സൗകര്യങ്ങൾ ഒരുക്കുന്നതിന് കോളനികളിലെ കമ്മ്യൂണിറ്റി ഹാളുകളും മറ്റ് സമാന ഇടങ്ങളും കണ്ടെത്തിയിട്ടുണ്ട്. കോളനികളിലെ അഭ്യസ്ഥ വിദ്യരായ യുവതീ യുവാക്കളെ ഫെസിലിറ്റേറ്റർമാരായി തെരഞ്ഞെടുത്ത് പരിശീലനം നൽകിയിട്ടുണ്ട്. ടി കേന്ദ്രങ്ങളിൽ ഭൗതീക സാഹചര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ഒരു സാമൂഹ്യ പഠനമുറിക്ക് ഡസ്ക്ടോപ്പ് കമ്പ്യൂട്ടർ (2 എണ്ണം), യു.പി.എസ് (2), വൈറ്റ് ബോർഡ്(1), എൽ.ഇ.ഡി മോണിറ്റർ (1), എൽ.ഇ.ഡി ഡിസ്പ്ളേ(1), കമ്പ്യൂട്ടർ ടേബിൾ (1), രണ്ട് വിദ്യാർത്ഥികൾക്ക് |

| | | | |
|---|---|---|---|
| | | | വീതം ഇരിക്കുവാൻ കഴിയുന്ന കസേരയോടുകൂടിയ 15 സ്റ്റഡി ടേബിളുകൾ എന്ന കണക്കിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികൾക്ക് ലഘുഭക്ഷണം, പഠന സാമഗ്രികൾ, ഇന്റർനെറ്റ് സൗകര്യം, പുസ്തകങ്ങൾ തുടങ്ങിയ അധിക സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. |
| സി) | പ്രസ്തുത പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവതീ-യുവാക്കളെ ഇൻസ്ട്രക്ടർമാരായി നിയോഗിക്കുമ്പോൾ തൊഴിലില്ലായ്മ ഒരു പരിധി വരെ പരിഹരിക്കുമെന്നതിനാൽ സാമൂഹ്യ പഠനമുറി പദ്ധതി കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | സി) | സാമൂഹ്യ പഠനമുറി സ്ഥാപിക്കുന്നതിനായി 100 കേന്ദ്രങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്. അടുത്ത സാമ്പത്തികവർഷം ടി പദ്ധതി കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രയോജനമാകും വിധം 500 പുതിയ കേന്ദ്രങ്ങളിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

Hariprasad (signature)

സെക്ഷൻ ഓഫീസർ